4. റോഡ് സുരക്ഷാ ക്ലബ്ബ് : റോഡ് സുരക്ഷയെ സംബന്ധിച്ച് വിദ്യാർത്ഥികളിൽ അവബോധം ഉണ്ടാക്കാനും റോഡ് സുരക്ഷാ പ്രവർത്തനങ്ങളിൽ വിദ്യാർത്ഥികളെ പങ്കാളികളാക്കുവാനും കേരളത്തിലെ സ്കൂൾ/കോളേജുകളിൽ 157 റോഡ് സുരക്ഷാ ക്ലബ്ബുകൾ രൂപീകരിച്ചിട്ടുണ്ട്. പ്രസ്തുത ക്ലബ്ബുകൾ കേരളത്തിലെ എല്ലാ സ്കൂൾ/കോളേജുകളിലും തുടങ്ങുവാനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

5. കുട്ടികളിൽ റോഡ് സുരക്ഷാ ബോധവൽക്കരണം നടത്തുന്നതിന്റെ ഭാഗമായി പോലീസ് വകുപ്പിന്റെ നേതൃത്വത്തിൽ 'ശുഭയാത്ര' എന്ന പരിപാടി സംഘടിപ്പിച്ചിട്ടുണ്ട്. സംസ്ഥാനത്തുടനീളം 'യാത്ര' എന്ന പേരിൽ മാജിക് ഷോ, പ്രൊഫ. മുതുകാടിന്റെ നേതൃത്വത്തിൽ നടത്തി. സ്കൂൾ കുട്ടികൾക്കായി റോഡ് സുരക്ഷാ ബോധവൽക്കരണ 'ഓട്ടൻതുള്ളൽ' പരിപാടിയും സംഘടിപ്പിച്ചിട്ടുണ്ട്. റോഡ് സുരക്ഷാ ബോധവൽക്കരണം സംബന്ധിച്ച് നെയിംസ്ലിപ്പുകളും ടൈംടേബിൾ കാർഡുകളും സ്കൂൾ കുട്ടികൾക്കായി വിതരണം ചെയ്തിട്ടുണ്ട്.

6. അപകടത്തിന് കാരണമായേക്കാവുന്ന അനധികൃത പരസ്യ ബോർഡുകൾ നീക്കം ചെയ്യുന്നതിന് ജില്ലാ റോഡ് സുരക്ഷാ കൗൺസിലുകളെ ചുമതലപ്പെടുത്തിയിട്ടുണ്ട്.

7. ഹൂട്ടപാത്ത് കൈയ്യേറുന്നവരെ ഒഴിപ്പിച്ച് റിപ്പോർട്ട് സമർപ്പിക്കുവാൻ ജില്ലാ റോഡ് സുരക്ഷാ ചെയർമാൻമാർ, സിറ്റി പോലീസ് കമ്മീഷണർ, ജില്ലാ പോലീസ് സൂപ്രണ്ട്, റീജിയണൽ ട്രാൻസ്പോർട്ട് ഓഫീസർ എന്നിവർക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്.

8. ശബരിമല തീർത്ഥാടന കാലങ്ങളിൽ തീർത്ഥാടകരുടെ യാത്രാ സുരക്ഷ കണക്കിലെടുത്ത് 2010-11 വർഷം മുതൽ മോട്ടോർ വാഹന വകുപ്പുമായി സഹകരിച്ച് 'ശബരിമല സേഫ് സോൺ' പദ്ധതി നടപ്പിലാക്കിവരുന്നു. ഇതിന്റെ ഫലമായി തീർത്ഥാടന കാലയളവിൽ ഗണ്യമായ തോതിൽ റോഡപകടങ്ങൾ കുറയ്ക്കുവാൻ കഴിഞ്ഞിട്ടുണ്ട്.

വാഹന രജിസ്ട്രേഷൻ

215(5804) ശ്രീ. കോടിയേരി ബാലകൃഷ്ണൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും പരിസ്ഥിതിയും ഗതാഗതവും സ്പോർട്സും സിനിമയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്തെ രജിസ്ട്രേഷൻ ഉൾപ്പെടെയുള്ള വാഹന നികുതി അന്യ സംസ്ഥാനങ്ങളെ അപേക്ഷിച്ച് കൂടുതലാണ് എന്നത് പരിശോധിച്ചിട്ടുണ്ടോ ; എങ്കിൽ വിശദാംശം ലഭ്യമാക്കാമോ ;

LIBRARY ARCHIVES Kerala Legislative Assembly

(ബി) ഇക്കാരണത്താൽ ആഡംബര വാഹനങ്ങൾ ഉൾപ്പെടെയുള്ളവ വ്യാജവിലാസം നൽകി അന്യ സംസ്ഥാനങ്ങളിൽ രജിസ്ട്രേഷൻ നടത്തിയശേഷം സംസ്ഥാനത്ത് സർവ്വീസ് നടത്തുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(സി) എങ്കിൽ ഇത്തരത്തിൽ എത്ര വാഹനങ്ങൾ സർവ്വീസ് നടത്തുന്നുണ്ടെന്ന് വ്യക്തമാക്കാമോ ;

(ഡി) ഇതുസംബന്ധിച്ച് എത്ര പരാതികൾ ലഭ്യമായെന്നും എത്രയെണ്ണത്തിൽ നാളിതുവരെ നടപടി സ്വീകരിച്ചതെന്നും എത്ര വാഹനങ്ങൾ പിടിക്കൂടിയെന്നും എത്ര ഇ-ചലാൻ ഇനത്തിൽ ഈടാക്കിയെന്നും വിശദമാക്കാമോ ?

ഉത്തരം

(എ) ഉണ്ട്. രജിസ്ട്രേഷൻ ഫീസ് എല്ലാ സംസ്ഥാനങ്ങളിലും ഒരുപോലെയാണ്. വാഹനനികുതിയുടെ കാര്യത്തിൽ തമിഴ്നാട്, കർണ്ണാടക, ആന്ധ്രാപ്രദേശ് എന്നീ സംസ്ഥാനങ്ങളിലേയും കേരളത്തിലേയും നികുതികൾ എറെക്കുറെ ഏകീകരിക്കപ്പെട്ടിട്ടുണ്ട്. എന്നാൽ പുതുച്ചേരി പോലുള്ള കേന്ദ്ര ഭരണ പ്രദേശങ്ങളിൽ വാഹന നികുതി താരതമ്യേന കുറവാണ്.

(ബി) ഉണ്ട്.

(സി) കണക്കാക്കിയിട്ടില്ല.

(ഡി) പരാതികൾ ലഭിച്ചിട്ടില്ല. എന്നാൽ ഇക്കാര്യം ശ്രദ്ധയിൽപ്പെട്ടതിനെതുടർന്ന് 20 വാഹനങ്ങൾ പിടിച്ചെടുക്കുകയും 15,56,013 രൂപ ഈടാക്കുകയും ചെയ്തിട്ടുണ്ട്.

(നക്ഷത്രചിഹ്നമിടാത്ത 5585, 5590, 5604, 5614, 5621, 5626, 5627, 5674, 5688, 5695, 5696 എന്നീ നമ്പർ ചോദ്യങ്ങളുടെ ഉത്തരങ്ങൾ എഡിറ്റിംഗ് ബ്രാഞ്ചിൽ ലഭ്യമല്ല.)

(ചോദ്യോത്തരങ്ങൾ കഴിഞ്ഞു.)

LIBRARY ARCHIVES Kerala Legislative Assembly